# ജി.യു.പി.എസ്.നരിപ്പറമ്പ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025–2026

**ഉള്ളടക്കം**


| മേഖല | പേജ് |
|---|---|
| ആമുഖം | 3 |
| അടിസ്ഥാനശാസ്ത്രം യു.പി | 4 |
| മലയാളം യു.പി | 5 |
| സാമൂഹ്യശാസ്ത്രം യു.പി | 8 |
| ഹിന്ദി | 9 |
| ഇംഗ്ലീഷ് യു.പി | 11 |
| അറബിക് യു.പി | 13 |
| സംസ്കൃതം | 18 |
| കായികം | 20 |
| മലയാളം ക്ലാസ് 4 | 22 |
| ഗണിതം ക്ലാസ് 4 | 24 |
| പരിസരപഠനം ക്ലാസ് 4 | 25 |
| ഇംഗ്ലീഷ് ക്ലാസ് 4 | 26 |
| ഗണിതം ക്ലാസ് 3 | 27 |
| ഇംഗ്ലീഷ് ക്ലാസ് 3 | 28 |
| മലയാളം ക്ലാസ് 3 | 29 |
| പരിസരപഠനം ക്ലാസ് 3 | 30 |
| ഗണിതം ക്ലാസ് 2 | 31 |
| മലയാളം ക്ലാസ് 2 | 33 |
| പരിസരപഠനം ക്ലാസ് 2 | 34 |
| ഇംഗ്ലീഷ് ക്ലാസ് 1,2 | 35 |
| മലയാളം ക്ലാസ്1 | 36 |
| പരിസരപഠനം ക്ലാസ് 1 | 37 |
| ഗണിതം ക്ലാസ് 1 | 38 |
| അറബിക് എൽ.പി | 39 |

# ആമുഖം

സംസ്ഥാന സർക്കാർ ഏറ്റെടുത്തിരിക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങൾ ഈ വർഷം മികച്ച അക്കാദമി നേട്ടം കൈവരിക്കുന്നതിന് വേണ്ടി പരിപാടികൾ ആസൂത്രണം ചെയ്തു കഴിഞ്ഞു. പൊതുവിദ്യാലയങ്ങൾ അക്കാദമിക മികവിന്റെ കേന്ദ്രങ്ങളായി മാറണം. മാത്രമല്ല ലോകത്തിന്റെ ഏതൊരു ഭാഗത്തുമുള്ള സമാന പ്രായപരിധിയിലുള്ള കുട്ടികളുമായി താരതമ്യം ചെയ്യുമ്പോൾ ഉന്നത നിലവാരം പുലർത്തുന്നവരാണ് നമ്മുടെ കുട്ടികൾ എന്ന് ഉറപ്പുവരുത്തുവാൻ നമുക്ക് കഴിയണം.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും നല്ലവരായ നാട്ടുകാരുടെയും ശ്രദ്ധയും പരിശ്രമം ഇതിനാവശ്യമാണ്. ഇവിടെ നിന്നും വിദ്യാഭ്യാസം നേടി പുറത്തിറങ്ങുന്ന ഓരോ കുട്ടിയും മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സഹജീവി സ്നേഹത്തിലൂടെയും പ്രകൃതിസംരക്ഷണ ലക്ഷ്യങ്ങളിൽ ഊന്നി പ്രവർത്തിക്കുന്നതിലൂടെയും മികച്ച സാമൂഹ്യജീവിയായി മാറും എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഇതിനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക ഞങ്ങളുടെ ലക്ഷ്യമാണ്.

കുട്ടികൾ ഇഷ്ടപ്പെടുന്ന തരത്തിൽ വിദ്യാഭ്യാസം സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന പദ്ധതികൾ ഉൾപ്പെടുന്ന ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ ആണ് ഞങ്ങൾ തയ്യാറാക്കിയിരിക്കുന്നത്

## മേഖല : അടിസ്ഥാന ശാസ്ത്രം യുപി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | സ്കൂളിലെ നിലവിലുള്ള പൂന്തോട്ടം വിപുലമാക്കി ശലഭോദ്യാനം പച്ചക്കറിത്തോട്ടം എന്നിവ കൂടി ഉൾപ്പെടുത്തി ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | ജൂൺ-ജൂലൈ | ശാസ്ത്ര അധ്യാപകർ ശാസ്ത്ര ക്ലബ്ബ് പരിസ്ഥിതി ക്ലബ്ബ് |
| പാഠഭാഗങ്ങൾക്ക് അനുയോജ്യമായ പരീക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു | നിത്യജീവിതത്തിൽ ലഭ്യമായ വസ്തുക്കൾ ശേഖരിച്ചുകൊണ്ട് ശാസ്ത്രകിറ്റ് നിർമ്മിക്കുകയും പാഠഭാഗങ്ങൾക്ക് അനുയോജ്യമായ പരീക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു | ജൂലൈ-ഡിസംബർ | ശാസ്ത്ര അധ്യാപകർ കുട്ടികൾ |
| ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക | ചാന്ദ്രദിനം- ഡോക്യുമെന്ററി പ്രദർശനം ,ക്വിസ് ഓസോൺ ദിനം- പോസ്റ്റർ നിർമ്മാണം ശാസ്ത്രദിനം- ശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ഓരോ ക്ലാസിലും ശാസ്ത്ര വിസ്മയ ചുമർ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ ശാസ്ത്ര ക്ലബ്ബ് കുട്ടികൾ |
| കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തുക | കുട്ടികൾ ലഭ്യമായ ഉറവിടങ്ങളെല്ലാം ഉപയോഗപ്പെടുത്തി ശാസ്ത്രജ്ഞരെ കുറിച്ചോ ശാസ്ത്രരംഗത്തെ കുതിച്ചുചാട്ടങ്ങളെ കുറിച്ചോ ഉള്ള വിവരങ്ങൾ സ്വന്തമായി A4 പേപ്പറിൽ തയ്യാറാക്കി ശാസ്ത്രമാഗസിൻ നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ് കുട്ടികൾ |
| നൂതന സാങ്കേതികവിദ്യകൾ പരിചയപ്പെടൽ | എൽഇഡി ബൾബുകളുടെ നിർമ്മാണം എൽഇഡി ബൾബ് നിർമ്മാണ ശില്പശാല സംഘടിപ്പിക്കുന്നു | ഡിസംബർ | ശാസ്ത്ര അധ്യാപകർ ശാസ്ത്ര ക്ലബ്ബ് |

## വിഷയമേഖല : മലയാളം

കുട്ടിയുടെ മാനസിക വികാസത്തിൽ മാതൃഭാഷയുടെ പ്രാധാന്യം വളരെ വലുതാണ്. ഏതൊരു വ്യക്തിയുടെയും ചിന്താശേഷിയുടെ വികാസത്തിന് മാതൃഭാഷയുടെ പ്രാവീണ്യം കൂടിയേ തീരൂ ആശയവിനിമയവും സർഗാത്മക വ്യാപാരവും എല്ലാം മലയാളഭാഷയുടെ ശരിയായ പ്രയോഗത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ.വേറിട്ട സൃഷ്ടിപരമായ ചിന്തകളുടെ മാധ്യമം മാതൃഭാഷ തന്നെയാണ്. മറ്റു വിഷയങ്ങളുടെ ശരിയായ പഠനത്തിന് മാതൃഭാഷയിലുള്ള ജ്ഞാനം അത്യന്താപേക്ഷിതമാണ്.അതുകൊണ്ടുതന്നെ കുട്ടികളുടെ അറിവ് നേടൽ പ്രക്രിയയിൽ മാതൃഭാഷയ്ക്ക് പ്രാധാന്യം നൽകണം. പ്രത്യേകിച്ച് പ്രൈമറി ക്ലാസുകളിൽ മാതൃഭാഷാ പഠനം മികച്ച രീതിയിൽ സാധ്യമായാൽ അത് മറ്റു വിഷയങ്ങളിലേക്ക് കൂടി പ്രതിഫലിക്കും ഇതിനെല്ലാം സഹായകരമായ രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഭിന്ന നിലവാരക്കാരെയും ഭിന്നശേഷിക്കാരെയും എല്ലാം സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരേണ്ടതിന് പ്രത്യേക ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും മതിയായ പ്രാധാന്യത്തോടെ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും മലയാളഭാഷ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക
- എല്ലാ കുട്ടികളും ഓരോ പ്രായ ഘട്ടത്തിലും അനുയോജ്യമായ വിധത്തിൽ ആശയവിനിമയ ശേഷി നേടിയെന്ന് ഉറപ്പുവരുത്തുക
- എല്ലാ കുട്ടികളും അവൻ പഠിക്കുന്ന ക്ലാസ് അനുസരിച്ചും നിലവാരം അനുസരിച്ചും ഉയർന്നശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക. ഓരോ കുട്ടിയുടെയും അഭിരുചി അനുസരിച്ച് സർഗാത്മകശേഷി പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സജ്ജീകരിക്കുക.
- ഭാഷാശേഷി വികസനത്തിന് ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക

**ഉപലക്ഷ്യങ്ങൾ**

- വായനയുടെ പരിപോഷണത്തിന് വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കുക
- തെറ്റുകൂടാതെ മലയാളഭാഷ എഴുതുന്നതിനുള്ള പരിശീലനം ഉറപ്പുവരുത്തും
- കുട്ടികൾക്ക് നല്ല ഭാഷ കേൾക്കുന്നതിനുള്ള അവസരം ഉറപ്പുവരുത്തും
- നല്ല രീതിയിൽ ഫലപ്രദമായി ആശയവിനിമയം നടത്താനുള്ള അവസരം ഉറപ്പുവരുത്തും
- ഓരോ പാഠവുമായി ബന്ധപ്പെട്ട സമഗ്രാസൂത്രണം സൂക്ഷ്മസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും
- അല്ല ഓരോ അക്കാദമിക വർഷവും കരിക്കുലത്തിൽ പറഞ്ഞിട്ടുള്ള വ്യവഹാര രൂപങ്ങൾ സ്വായത്തമാക്കാൻ വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കും.
- സമയാസമയങ്ങളിൽ ആശയപ്രകടനത്തിനും ആവിഷ്കാരത്തിനും ഉള്ള വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കും
- വിവിധ ക്ലാസുകളിൽ ഓരോ യൂണിറ്റിലുമുള്ള സർഗാത്മക പ്രകടനങ്ങൾക്കുള്ള അവസരങ്ങൾ പരിപോഷി പ്പിക്കും
- വിവിധ രചനാ ശിൽപ്പശാലകൾക്കുള്ള അവസരങ്ങൾ ഉറപ്പുവരുത്തും
- ഐടി അധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കും
- കുട്ടികളുടെ സർഗാത്മക രചനകളുടെ പ്രകാശനത്തിനുള്ള അവസരങ്ങൾ ഒരുക്കും

**ഉപലക്ഷ്യം**

**ലൈബ്രറി ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|
| സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കാൻ പുസ്തകങ്ങൾ ഫലപ്രദമായി ഉപയോഗിക്കൽ | നിലവിൽ ലഭ്യമായ പുസ്തകങ്ങളുടെ തരംതിരിക്കൽ | മെയ് | | |
| | ഓരോ ക്ലാസിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റിംഗ് | ഏപ്രിൽ-മെയ് | | |
| | പുസ്തകവിതരണം നടത്തുന്നു<br>• കുട്ടി ലൈബ്രേറിമാർ<br>• പുസ്തകവിതരണ രജിസ്റ്റർ<br>• ആഴ്ചയിൽ വിവിധ ക്ലാസുകൾക്ക് നിശ്ചിത ദിവസത്തിൽ പുസ്തകങ്ങൾ നൽകുന്നു | ജൂൺ ജൂൺ | | |
| | ലൈബ്രേറിയുടെ ചുവരുകൾ ആകർഷകമാക്കൽ<br>• സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ<br>• വായനയുമായി ബന്ധപ്പെട്ട പ്രശസ്തരുടെ വചനങ്ങൾ | | ഹെഡ്മാസ്റ്റർ<br>പി.ടി.എ പ്രധിനിധി | പി.ടി.എ<br>പഞ്ചായത്ത്<br>പൂർവ്വ വിദ്യാർത്ഥികൾ |
| ക്ലാസ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തി പ്രവർത്തനക്ഷമമാക്കുക | വിവിധ വിഷയങ്ങളിൽ ഓരോ ക്ലാസിനും വേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു | മാർച്ച്-ഏപ്രിൽ | | |
| | ലൈബ്രേറിയുടെ ചുമതലയുള്ള അധ്യാപകരുടെ നേതൃത്വത്തിൽ പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നു | മെയ് | | |
| | ക്ലാസ് പിടിഎ അഭ്യുദയകാംക്ഷികൾ എന്നിവരുടെ നേതൃത്വത്തിൽ വിഭവസമാഹരണം പുസ്തക ശേഖരണം<br>• വായനാദിന ആചരണത്തിന്റെ ഭാഗമായി ഓരോ | | ലൈബ്രറി യുടെ | |

| | | | | |
|---|---|---|---|---|
| | കുട്ടികളോടും സ്കൂൾ ലൈബ്രറിയിലേക്ക് ഒരോ പുസ്തകങ്ങൾ സംഭാവനയായി നൽകാൻ ആവശ്യപ്പെടുന്നു അധ്യാപകരും പുസ്തകങ്ങൾ നൽകുന്നു.<br>• പിറന്നാളിന് ഒരു പുസ്തകം പദ്ധതി ആദ്യ ക്ലാസ് പിടിഎ യോഗത്തിൽ രക്ഷിതാക്കളെ അറിയിക്കുന്നു | | ചുമതലയുള്ള അധ്യാപകർ | പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ |
| | വായനാവാരത്തോടനുബന്ധിച്ച് പുസ്തക പ്രദർശനം | ജൂൺ | ലൈബ്രറിയുടെ ചുമതലയുള്ള അധ്യാപകർ | |
| | മുഴുവൻ കുട്ടികളും ഒരു പുസ്തകം എങ്കിലും വായിച്ചു എന്ന് ഉറപ്പാക്കൽ ഏറ്റവും മികച്ച വായനക്കാരെ കണ്ടെത്തൽ ആദരിക്കൽ | ജൂൺ | | |
| | വായനക്കുറിപ്പ് തയ്യാറാക്കൽ രണ്ടാഴ്ചകൾ കൂടുമ്പോൾ വായനക്കുറിപ്പ് മത്സരം ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കുന്നു ക്ലാസിൽ നിന്നും മികച്ചത് സ്കൂൾതല മത്സരത്തിലേക്ക്. പുസ്തകം സമ്മാനം. പതിപ്പ് നിർമ്മാണം സ്കൂൾതല പതിവു നിർമ്മാണം സമ്മാനാർഹമായ കുറിപ്പുകൾ ചേർത്ത് പ്രകാശനം ചെയ്യുന്നു. സ്കൂൾ ബ്ലോഗ് ഇതിനായി പ്രയോജനപ്പെടുത്തണം | ജൂൺ – ഫെബ്രുവരി | | |
| രക്ഷിതാക്കളുടെ വായന പരിപോഷണത്തിനുള്ള പരിപാടികൾ ആവിഷ്കരിക്കും | സ്കൂൾ ലൈബ്രറി രക്ഷിതാക്കൾക്ക് കൂടി ഉപയോഗപ്പെടുത്താൻ വിധത്തിൽ ക്രമീകരിക്കുന്നു | അക്കാദമിക വർഷം | ലൈബ്രറിയുടെ ചുമതലയുള്ള അധ്യാപകർ | |

## വിഷയമേഖല : സോഷ്യൽസയൻസ് 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1)ജനാധിപത്യ ബോധം,വിമർശന ചിന്ത,പ്രതികരണ ശേഷി,സംഘബോധം,സഹകരണ മനോഭാവം എന്നിവ വളർത്തുന്നതിന് | 1)സെമിനാറുകൾ,ഡിബേറ്റുകൾ,ഗ്രൂപ്പ് ചർച്ചകൾ,സംവാദങ്ങൾ എന്നിവ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടും ആധുനിക സംഭവങ്ങളുമായി ബന്ധപ്പെട്ടും സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സോഷ്യൽ സയൻസ് ടീച്ചേഴ്സ് |
| 2)പുരാവസ്തു മ്യൂസിയം തയ്യാറാക്കൽ | 2)തദ്ദേശവാസികളുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും സഹായത്തോടെ പുരാവസ്തുക്കൾ ശേഖരിക്കുന്നു,സജ്ജീകരിക്കുന്നു | അക്കാദമിക വർഷം | സോഷ്യൽ സയൻസ് ടീച്ചേഴ്സ് |
| 3)സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ,ആശയങ്ങൾ പരിശോധിക്കുന്നതിനും നേടിയെടുക്കുന്നതിനും | *)500,200,100,50 എന്നീ നോട്ടുകളിൽ കാണാൻ കഴിയുന്ന ചരിത്ര സ്മാരകങ്ങൾ പരിചയപ്പെടുത്തുന്നു.അവയുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമ്മിക്കുന്നു<br>*)മുഗൾ ഭരണാധികാരികളുടെ ആൽബം തയ്യാറാക്കൽ<br>*)സ്വാതന്ത്ര്യദിനാഘോഷത്തിനായി പതാകകൾ തയ്യാറാക്കുന്നു<br>*)ഗാന്ധിതൊപ്പി നിർമാണം<br>*)പുരാവസ്തു പ്രദർശനം | അക്കാദമിക വർഷം | SS ടീച്ചേഴ്സ് |
| 4)സാമൂഹ്യബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിന് | 4)ഫീൽഡ്ട്രിപ്പുകൾ,പഠനയാത്രകൾ,രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെയുള്ള ഭക്ഷ്യമേളകൾ,അഭിമുഖങ്ങൾ മുതലായവ നടത്തുന്നു | അക്കാദമിക വർഷം | SS ടീച്ചേഴ്സ് |
| 5)ചരിത്രാവബോധം സൃഷ്ടിക്കുന്നതിന്.. | 5)വിദ്യാലയചരിത്രം തയ്യാറാക്കുക<br>*)വിദ്യാലയ രൂപരേഖ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു | അക്കാദമിക വർഷം | SS ടീച്ചേഴ്സ് |

## വിഷയമേഖല : ഹിന്ദി ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപകർ |
| | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ |
| | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ |
| | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ |
| | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ |
| | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6,7 | ഹിന്ദി അധ്യാപകർ |
| | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7 | ഹിന്ദി അധ്യാപകർ |

| | | | |
|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ |
| ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ |
| • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ |

## ACADEMIC MASTER PLAN – ENGLISH (U.P)

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | ധനകാര്യം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ എഴുതുന്നതിനും സംസാരിക്കുന്നതിനും ഉള്ള കഴിവ് | കഥകൾ നാടോടി കഥകൾ കേൾക്കാനും കാണാനും പറയാനുമുള്ള അവസരങ്ങൾ ഉണ്ടാക്കുന്നു . ഐസിടി സാധ്യത ഉപയോഗപ്പെടുത്തുന്നു | ഇംഗ്ലീഷ് അധ്യാപകൻ | ജൂൺ | 5000 |
| ഇംഗ്ലീഷ് സാഹിത്യകൃതികൾ പരിചയപ്പെടുത്തുന്ന സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുന്നതിന് | ലൈബ്രറി ഭാഷാ ലാബ് എന്നിവ ഉപയോഗപ്പെടുത്തുന്നു | ഇംഗ്ലീഷ് ക്ലബ്ബ് | ജൂൺ 19– ആഗസ്റ്റ് 31 | 5000 |
| ഇംഗ്ലീഷ് ഭാഷയോടുള്ള താല്പര്യം വർദ്ധിക്കുന്നു | Task for the week<br>ഇംഗ്ലീഷ് പസിലുകൾ നൽകുന്നു ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കുന്നു ശരിയുത്തരങ്ങൾക്ക് സമ്മാനം നൽകുന്നു<br>പഠനോപകരണ ശില്പശാല സംഘടിപ്പിക്കുന്നു | ഇംഗ്ലീഷ് ക്ലബ്ബ്<br>സബ്ജക്ട് കൗൺസിൽ | 1 വർഷം<br>വർഷത്തിലൊരിക്കൽ( ജനുവരി) | 10000<br>10000 |
| ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള ആത്മവിശ്വാസം ഉയർത്തുന്നു | Talking Titans<br>എല്ലാ ആഴ്ചയിലും ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്നതിനായി ഒരു ചോദ്യമോ സന്ദർഭമോ നൽകുന്നു അത് ക്ലാസ് മുറിയിലും ഇടവേളകളിലും വീട്ടിലും ആവർത്തിച്ച് സംസാരിച്ച് ഭാഷ മെച്ചപ്പെടുത്തുന്നു<br>ഇംഗ്ലീഷ് പ്രസംഗം കഥ പറയൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു<br>ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു | ഇംഗ്ലീഷ് ക്ലബ്ബ്<br>സബ്ജക്ട്കൗൺസിൽ | 1 വർഷം<br>സെപ്റ്റംബർ-നവംബർ<br>ഫെബ്രുവരി | 10000 |
| സമൂഹത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെടുന്നതിനും ശക്തിയായി പ്രതികരിക്കുന്നതിനും | കത്ത്, പോസ്റ്റർ, അപേക്ഷ, പത്രവാർത്ത, വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്തുന്ന പ്രവർത്തനങ്ങൾ എഴുതുന്നതിനുള്ള പരിശീലനം നൽകുന്നു.<br>പോസ്റ്റർ, ഗ്രീറ്റിംഗ് കാർഡ് മേക്കിങ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | സബ്ജക്ട് കൗൺസിൽ | ഒക്ടോബർ, ഡിസംബർ | 10000 |

| | | | | |
|---|---|---|---|---|
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Alert Zone<br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും ആയി പ്രദർശിപ്പിക്കുന്നു.<br><br>കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തിക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് | ഒക്ടോബർ<br><br>മാർച്ച് | <br><br>20000 |
| ELEP 5, 6 ക്ലാസുകളിൽ മലയാളം മീഡിയം കുട്ടികളുടെ ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പും ഡയറ്റും ചേർന്ന് നടത്തുന്ന പദ്ധതി | റോൾപ്ലേ, സ്കിറ്റ്, കൊറിയോഗ്രഫി, ലാംഗ്വേജ് ഗെയിം, പോസ്റ്റർ മേക്കിങ്, സോങ് കമ്പോസിംഗ്. | ELEP കോഡിനേറ്റർ, റിസോഴ്സ് ടീച്ചർ | ജൂൺ – ഫെബ്രുവരി | 3500 |

# അപ്പർപ്രൈമറി ക്ലാസുകളിലേക്കുള്ള അറബി ഭാഷാ പഠനം

**ആമുഖം**

ഭാഷകൾ കേവലം ആശയവിനിമയത്തിനുള്ള ഉപാധികൾ സംസ്കാരത്തിന്റെയും ചരിത്രത്തിൻറെയും ഹൃദയത്തുടിപ്പുകളാണ്. അറിവിന്റെയും അവസരങ്ങളുടെയും പുതിയ ലോകങ്ങളിലേക്ക് അവ വാതായനങ്ങൾ തുറക്കുന്നു. ഈ കാഴ്ചപ്പാടിൽ, അപ്പർ പ്രൈമറി ക്ലാസുകളിലെ (5,6,7 ക്ലാസുകൾ) വിദ്യാർത്ഥികൾക്ക് അറബി ഭാഷാ പഠനം ഒരു പുതിയ അനുഭവമാണ് നൽകുന്നത്. ലോകത്ത് ഏറ്റവുമധികം ആളുകൾ സംസാരിക്കുന്ന ഭാഷകളിലൊന്നും സമ്പന്നമായ സാംസ്കാരിക പൈതൃകവുമുള്ള അറബി, നമ്മുടെ കുട്ടികൾക്ക് ഭാവിയിൽ വലിയ സാധ്യതകളാണ് തുറന്നു തരുന്നത്.

ഒരു പാഠ്യവിഷയത്തിനപ്പുറം, അറബി ഭാഷയെ എങ്ങനെ സജീവവും പ്രായോഗികവുമാക്കാം എന്ന് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിശദീകരിക്കുന്നു. പഠനത്തെ ഒരു ഭാരമാക്കാതെ, കുട്ടികളുടെ സർഗ്ഗാത്മകവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന ഒരു മാധ്യമമാക്കി ഇതിനെ മാറ്റാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. നവീനമായ പഠനരീതികളിലൂടെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയും അറബി ഭാഷാ പഠനം കൂടുതൽ ലളിതവും രസകരവുമാക്കാം. ഭാഷയോടുള്ള അഭിരുചി വളർത്തുന്നതിനൊപ്പം, അറബി സംസ്കാരത്തെയും പാരമ്പര്യത്തെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കാനും ഈ സമഗ്രമായ പദ്ധതി സഹായിക്കും. നമ്മുടെ കുട്ടികൾക്ക് അറബി ഭാഷയെ സ്നേഹിക്കാനും അവരുടെ ദൈനംദിന ജീവിതത്തിൽ അത് ഉപയോഗിക്കാനും ഈ മാസ്റ്റർ പ്ലാൻ വഴിയൊരുക്കും.

**വിഷൻ (Vision):**

അറബി ഭാഷയെ കേവലം ഒരു വിഷയമായി കാണാതെ, വിദ്യാർത്ഥികളിൽ ഭാഷയോടുള്ള സ്നേഹവും താൽപ്പര്യവും വളർത്തി, അതിൻ്റെ സാംസ്കാരികവും ആശയവിനിമയപരവുമായ പ്രാധാന്യം മനസ്സിലാക്കി, അടിസ്ഥാനപരമായ ഭാഷാശേഷികൾ (കേൾക്കൽ, സംസാരം, വായന, എഴുത്ത്) ആർജ്ജിക്കാൻ അവരെ പ്രാപ്തരാക്കുക.

**ദൗത്യം:**

നവീനമായ പഠനതന്ത്രങ്ങളിലൂടെയും സാങ്കേതികവിദ്യയുടെ സഹായത്തോടെയും വിദ്യാർത്ഥികൾക്ക് അറബി ഭാഷ ലളിതവും രസകരവുമാക്കുക. ദൈനംദിന ജീവിതത്തിൽ അറബി ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ഭാഷാപഠനം ഒരു മനോഹരമായ അനുഭവമാക്കി മാറ്റുകയും ചെയ്യുക.

**(പ്രധാന ലക്ഷ്യങ്ങൾ):**

1. ശബ്ദജ്ഞാനം (Phonetics): അറബി അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണവും ശബ്ദവും തിരിച്ചറിയാനും ഉച്ചരിക്കാനും പഠിപ്പിക്കുക.

2. പദസമ്പത്ത് വികസിപ്പിക്കൽ (Vocabulary Expansion): അടിസ്ഥാനപരമായ അറബി വാക്കുകളും ശൈലികളും പരിചയപ്പെടുത്തുകയും അവ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3. സംഭാഷണ ശേഷി (Conversational Skills): ലളിതമായ അറബി വാക്യങ്ങളിൽ സംഭാഷണത്തിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക

4 വായനാശേഷി (Reading Skills): ലളിതമായ അറബി വാക്യങ്ങളും ചെറിയ ഖണ്ഡികകളുംവായിച്ച് മനസ്സിലാക്കാനുള്ള കഴിവ് വളർത്തുക.

5 . എഴുത്തുശേഷി (Writing Skills): അറബി അക്ഷരങ്ങൾ ശരിയായി എഴുതാനും ലളിതമായ വാക്കുകളും വാക്യങ്ങളും നിർമ്മിക്കാനും പഠിപ്പിക്കുക.

6. വ്യാകരണത്തിൻ്റെ അടിസ്ഥാനങ്ങൾ (Basic Grammar): അറബി വ്യാകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ ലളിതമായി പരിചയപ്പെടുത്തുക.

7. സാംസ്കാരിക അവബോധം (Cultural Awareness): അറബി ഭാഷയുമായി ബന്ധപ്പെട്ട സംസ്കാരങ്ങളെയും പാരമ്പര്യങ്ങളെയും കുറിച്ച് അവബോധം നൽകുക

| ഘട്ടം | കാലാവധി | പ്രധാന ലക്ഷ്യങ്ങൾ |
|---|---|---|
| I ഘട്ടം | ആഴ്ച 1–12 | അടിസ്ഥാന അറബി വാക്യങ്ങൾ, അക്ഷരമാല, പതിവ് പദങ്ങൾ, വിശേഷണങ്ങൾ |
| II ഘട്ടം | ആഴ്ച 13–24 | ചെറിയ പാഠങ്ങൾ, പഠന ഗദ്യങ്ങൾ, ലേഖനങ്ങൾ, വായനയും സംസാരവും |
| III ഘട്ടം | ആഴ്ച 25–36 | രചനാകൗശലങ്ങൾ, സംവാദങ്ങൾ, സംശയനിവാരണം, മൂല്യനിർണയം |

**<u>ക്ലാസ് തലത്തിലുള്ള ലക്ഷ്യങ്ങൾ (Class-wise Objectives):</u>**

**ക്ലാസ് 5:**

**Learning Objectives:**

- **അക്ഷരമാല, ശരിയായ ഉച്ചാരണം**
- **അപരിചിതമായ പദങ്ങളുടെ അർഥം തിരിച്ചറിയുക**
- **ലഘു പാഠങ്ങൾ വായിക്കുക, എഴുതുക**

**Sample Topics:**

- **الحروف الهجائية (Arabic alphabet)**
- **اسمي، مدرستي، بيتي (My name, my school, my home)**
- **بسيطة جمل (Simple sentences)**

**Activities:**

- **Flash cards with letters and images**
- **Matching games for words & meanings**
- **Oral practice through rhymes**

അറബി അക്ഷരങ്ങൾ ശരിയായി ഉച്ചരിക്കാനും എഴുതാനും പഠിക്കുക.

ഒറ്റ അക്ഷരങ്ങളും ലളിതമായ രണ്ടോ മൂന്നോ അക്ഷരങ്ങളുള്ള വാക്കുകളും തിരിച്ചറിയുക.

അടിസ്ഥാനപരമായ അഭിവാദ്യങ്ങളും വ്യക്തിഗത വിവരങ്ങളും അറബിയിൽ പറയാൻ പഠിക്കുക (ഉദാഹരണത്തിന്, പേര്, വയസ്സ്).

ചിത്രങ്ങൾ ഉപയോഗിച്ച് ലളിതമായ അറബി വാക്കുകൾ പഠിക്കുക.
ചെറിയ പാട്ടുകളും ലളിതമായ സംഭാഷണങ്ങളും കേട്ട് മനസ്സിലാക്കാൻ ശ്രമിക്കുക.

**ക്ലാസ് 6:**

**Learning Objectives:**

- **ലഘു സംവാദങ്ങൾ പരിശീലിക്കുക**
- **ചെറിയ കഥകളും വിവരണ പാഠങ്ങളും വായിച്ച് ആശയം ഗ്രഹിക്കുക**

- **കൃത്യമായ വായനയും സംവേദനാത്മക എഴുത്തും**

**Sample Topics:**

- **حوار بين الطالب والمعلم (Dialogue between student and teacher)**
- **وصف الأشياء (Describing objects)**
- **الضمائر (Pronouns), الأفعال (Verbs), الجمل الفعلية (Verbal sentences)**

**Activities:**

- **Role-play sessions**
- **Vocabulary building games**
- **Sentence construction worksheets**

ചെറിയ അറബി വാക്യങ്ങൾ വായിച്ച് അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക.

അടിസ്ഥാനപരമായ വാക്കുകളുടെയും ശൈലികളുടെയും പദസമ്പത്ത് വർദ്ധിപ്പിക്കുക.

ലളിതമായ ചോദ്യങ്ങൾക്ക് അറബിയിൽ മറുപടി പറയാനും ചോദ്യങ്ങൾ ചോദിക്കാനും പഠിക്കുക.

ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തുക (ഉദാഹരണത്തിന്, ഭക്ഷണം, സ്കൂൾ, കുടുംബം).

ചെറിയ ഖണ്ഡികകൾ വായിച്ച് പ്രധാന ആശയങ്ങൾ മനസ്സിലാക്കുക.

ലളിതമായ അറബി വാക്യങ്ങൾ സ്വയം എഴുതാൻ ശ്രമിക്കുക.

**<u>ക്ലാസ് 7:</u>**

**Learning Objectives:**

- വിവരണാത്മകമായ എഴുതൽ
- സന്ദർഭോചിതമായ സംവാദം
- സൃഷ്ടിപരമായ എഴുത്ത്: ലേഖനം, കത്ത്, കഥ

**Sample Topics:**

- رسالة إلى صديق (Letter to a friend)
- قصة قصيرة (Short story writing)
- التعبير الكتابي (Written expressions)

**Activities:**

- Story completion
- Group discussion and presentation
- Grammar games: Verb matching, Tense correctio

കൂടുതൽ സങ്കീർണ്ണമായ അറബി വാക്യങ്ങളും ചെറിയ കഥകളും വായിച്ച് മനസ്സിലാക്കുക.

പദസമ്പത്ത് കൂടുതൽ വികസിപ്പിക്കുക.

വിവിധ സാഹചര്യങ്ങളിൽ അറബിയിൽ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശീലിക്കുക.

അടിസ്ഥാനപരമായ വ്യാകരണ നിയമങ്ങൾ (ഉദാഹരണത്തിന്, ഏകവചനം/ബഹുവചനം, സ്ത്രീലിംഗം/പുല്ലിംഗം) മനസ്സിലാക്കുക.

ചെറിയ വിവരണങ്ങളും കത്തുകളും അറബിയിൽ എഴുതാൻ ശ്രമിക്കുക.

അറബി ഭാഷാ പാട്ടുകളും വീഡിയോകളും കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുക

സ്ത്രീലിംഗം/പുല്ലിംഗം) മനസ്സിലാക്കുക.

**പഠന രീതികൾ:**

1. സംവേദനാത്മക പഠനം (Interactive Learning):

ചോദ്യോത്തരങ്ങൾ, സംഭാഷണങ്ങൾ, റോൾ പ്ലേ എന്നിവയിലൂടെ ഭാഷാ പഠനം സജീവമാക്കുക.

2. കളിയിലൂടെ പഠനം (Play-way Method):

ഗെയിമുകൾ, പസിലുകൾ, പാട്ടുകൾ എന്നിവ ഉപയോഗിച്ച് അറബി ഭാഷ രസകരമാക്കുക.

3. - ഓഡിയോ-വിഷ്വൽ എയ്ഡുകൾ:

ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ ക്ലിപ്പുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക.

4. കഥപറച്ചിൽ (Storytelling):

ലളിതമായ അറബി കഥകൾ പറഞ്ഞ് കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുക.

5. ഗ്രൂപ്പ് പ്രവർത്തനങ്ങൾ (Group Activities):

വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് സംഭാഷണം, വായന, എഴുത്ത് എന്നിവ പരിശീലിപ്പിക്കുക.

6. സാങ്കേതിക വിദ്യയുടെ ഉപയോഗം (Technology Integration):

അറബി ഭാഷാ പഠനത്തിനുള്ള ആപ്ലിക്കേഷനുകൾ, വെബ്സൈറ്റുകൾ, ഓൺലൈൻ നിഘണ്ടുക്കൾ എന്നിവ പരിചയപ്പെടുത്തുക.

7. ആശയവിനിമയത്തിലൂന്നിയ പഠനം (Communicative Approach):

ഭാഷയെ ആശയവിനിമയത്തിനുള്ള ഉപാധിയായി കണ്ട്, സംഭാഷണ ശേഷിക്ക് പ്രാധാന്യം നൽകുക.

8. പദ്ധതി അധിഷ്ഠിത പഠനം (Project-Based Learning):

അറബി ഭാഷയുമായി ബന്ധപ്പെട്ട ചെറിയ പ്രോജക്റ്റുകൾ നൽകുക (ഉദാഹരണത്തിന്, അറബി പദസമ്പത്ത് ചാർട്ട് ഉണ്ടാക്കുക, ഒരു ചെറിയ സംഭാഷണം അവതരിപ്പിക്കുക).

**മൂല്യനിർണ്ണയം (Assessment):**

തുടർച്ചയായ മൂല്യനിർണ്ണയം (Continuous Assessment): ക്ലാസ് റൂം പ്രവർത്തനങ്ങൾ, പങ്കാളിത്തം, നോട്ട്ബുക്ക് പരിശോധന എന്നിവയിലൂടെ നിരന്തരമായ വിലയിരുത്തൽ.

ഫോർമേറ്റീവ് മൂല്യനിർണ്ണയം (Formative Assessment): ക്വിസുകൾ, ചെറിയ ടെസ്റ്റുകൾ, വാചിക പരീക്ഷകൾ എന്നിവയിലൂടെ പഠന പുരോഗതി വിലയിരുത്തുക.

സമ്മേറ്റീവ് മൂല്യനിർണ്ണയം (Summative Assessment): വാർഷിക പരീക്ഷകളിലൂടെയും പ്രധാന ടെസ്റ്റുകളിലൂടെയും അന്തിമ പഠന നേട്ടം വിലയിരുത്തുക.

നാല് ഭാഷാശേഷികളുടെയും വിലയിരുത്തൽ: കേൾക്കൽ, സംസാരം, വായന, എഴുത്ത് എന്നീ ശേഷികൾക്ക് തുല്യ പ്രാധാന്യം നൽകി വിലയിരുത്തൽ നടത്തുക.

**അധ്യാപക പരിശീലനം:**

* അറബി ഭാഷാ പഠനത്തിലെ പുതിയ പ്രവണതകളെയും പഠനരീതികളെയും കുറിച്ച് അധ്യാപകർക്ക് നിരന്തരമായ പരിശീലനം നൽകുക.

* സാങ്കേതികവിദ്യ ഉപയോഗിച്ച് അറബി പഠിപ്പിക്കാനുള്ള കഴിവ് വികസിപ്പിക്കുക.

* ഭാഷാ പാനത്തിലെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് അവയെ അഭിമുഖീകരിക്കാൻ അധ്യാപകരെ സജ്ജരാക്കുക.

**(പഠന സാമഗ്രികൾ):**

പാഠപുസ്തകങ്ങൾ

ഓഡിയോ-വിഷ്വൽ സാമഗ്രികൾ (ചിത്രങ്ങൾ, ഫ്ലാഷ് കാർഡുകൾ, ഓഡിയോ ടേപ്പുകൾ, വീഡിയോകൾ)

ഡിജിറ്റൽ പഠന സഹായികൾ (അറബിക് ആപ്പുകൾ, വെബ്സൈറ്റുകൾ)

അറബി കഥാപുസ്തകങ്ങൾ (ലളിതമായവ)

നിഘണ്ടുകൾ (ഇംഗ്ലീഷ്-അറബിക്, മലയാളം-അറബിക്)

കളിപ്പാട്ടങ്ങളും ഗെയിമുകളും (അറബി അക്ഷരങ്ങൾ, വാക്കുകൾ എന്നിവ ഉൾക്കൊള്ളുന്നത്)

**പ്രവർത്തന കലണ്ടർ (Activity Calendar) :**

ആഴ്ചതോറും: സംഭാഷണ ക്ലാസ്സുകൾ, പദസമ്പത്ത് പഠനം, ലളിതമായ വായന, എഴുത്ത് പരിശീലനം.

മാസത്തിലൊരിക്കൽ: അറബി ഗാനം/കഥ അവതരണം, ചെറിയ ക്വിസ്, റോൾ പ്ലേ.

അധ്യായന വർഷത്തിൽ: അറബി ഭാഷാ ദിനാചരണം, അറബി കവിതാ പാരായണം/പ്രസംഗ മത്സരം, അറബി ഭാഷാ പ്രദർശനം.

**പ്രതിബന്ധങ്ങളും പരിഹാരങ്ങളും (Challenges and Solutions)**

*വെല്ലുവിളി: വിദ്യാർത്ഥികൾക്ക് അറബി ഭാഷയോടുള്ള താൽപ്പര്യക്കുറവ്.

> പരിഹാരം: രസകരമായ പഠനരീതികൾ, കളിയിലൂടെ പഠനം, പ്രായോഗിക ഉപയോഗത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കൽ.

*വെല്ലുവിളി: പരിമിതമായ പഠന സാമഗ്രികൾ

>പരിഹാരം: ഡിജിറ്റൽ സാമഗ്രികൾ ഉപയോഗിക്കുക, അധ്യാപകർക്ക് സ്വന്തമായി സാമഗ്രികൾ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുക.

* വെല്ലുവിളി: അധ്യാപകർക്ക് പുതിയ പഠനരീതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

> പരിഹാരം: നിരന്തരമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

* വെല്ലുവിളി: അറബി ഭാഷ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കാനുള്ള സാഹചര്യങ്ങളുടെ അഭാവം.>പരിഹാരം: സ്കൂളിൽ അറബി ക്ലബ്ബുകൾ രൂപീകരിക്കുക, അറബി ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ലളിതമായ അറബി സംഭാഷണങ്ങൾ ക്ലാസ്സിൽ പ്രോത്സാഹിപ്പിക്കുക

## വിഷയമേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഫണ്ട് |
|---|---|---|---|---|
| * മൂന്ന് വർഷത്തിനുള്ളിൽ സ്കൂൾ വിട്ട് പുറത്ത് വരുന്ന മുഴുവൻ കുട്ടികളും സംസ്കൃതം എഴുതുവാനും വായിക്കുവാനും ആശയവിനിമയം നടത്തുന്നതിനും പര്യാപ്തമാക്കും. | ❖ **രചന ശില്പശാല**<br>നവജ്യോതി എന്ന പേരിൽ 5, 6, 7 ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചു കൊണ്ട് പുറത്തു നിന്നുള്ള ആർ . പി. (റിസോഴ്സ് പേഴ്സൺ) ഉപയോഗിച്ച് വിദ്യാലയ അവധി ദിനങ്ങളിൽ നടത്തുന്നു. | 3 വർഷം<br>അക്കാദമിക വർഷം | സംസ്കൃതാധ്യാപിക SRG ,HM | 5000 |
| | ❖ **ചുമർ പത്രിക**<br>ആഴ്ചയിൽ ഒരിക്കൽ ഒരു പത്രിക നിർമ്മാണം നടത്തുന്നു. ഓരോ ക്ലാസിലും ഒരു എഡിറ്റോറിയൽ ബോർഡ് രൂപീകരിക്കുന്നു. ഓരോ ദിവസത്തെയും വാർത്തകൾ ഓരോ ഗ്രൂപ്പുകൾ എഴുതി തയ്യാറാക്കിയവ ശേഖരിച്ച് വെള്ളിയാഴ്ച വിദ്യാലയ പത്രം നിർമ്മിക്കുന്നു. ഓരോ ആഴ്ച ഓരോ ക്ലാസുകൾ പത്രം തയ്യാറാക്കി പൊതുവായ സ്ഥലത്ത് പതിക്കുന്നു. മാസത്തിലൊരിക്കൽ ഏറ്റവും നല്ല പത്രം നിർമ്മിച്ച ക്ലാസിനെ അസംബ്ലിയിൽ അനുമോദിക്കുന്നു. | അക്കാദമിക വർഷം | സംസ്കൃതാധ്യാപിക | |
| | ❖ **ക്ലാസ് മാഗസിൻ**<br>ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട സർഗാത്മക ശേഷികളെ ഉൾകൊള്ളിച്ച് കൊണ്ട് എല്ലാ കുട്ടികളുടേയും സൃഷ്ടികൾ ഉൾപ്പെടുത്തി വർഷത്തിൽ ക്ലാസിനു ഒരു മാഗസിൻ നിർമ്മിക്കുന്നു. ഏറ്റവും നല്ല സൃഷ്ടിക്ക് അസംബ്ലിയിൽ പാരിതോഷികം നൽകുന്നു. | അക്കാദമിക വർഷം | സംസ്കൃതാധ്യാപിക | |
| | ❖ മാസത്തിൽ ഒരു കളിവീതം ഓരോ ക്ലാസിലും | | | |

| | | | | |
|---|---|---|---|---|
| | പാഠഭാഗവുമായി ബന്ധപ്പെടുത്തി കുട്ടികളെ പരിശീലിപ്പിക്കുന്നു. ഭാഷയെ കൂടുതൽ മനസിലാക്കുവാനും ആഴത്തിലുള്ള പഠനത്തിനുമായി കളികൾ ഉപയോഗിക്കുന്നു. ഒഴിവു സമയങ്ങളിൽ ക്ലാസ് നേതാ കളികൾക്ക് നേതൃത്വം നൽകുന്നു. | | | |
| * ഭാഷാശേഷി വികസനത്തിന് ആധുനിക സാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തും | ❖ **സ്കൂൾ റേഡിയോ**<br><br>കുട്ടികളുടെ സർഗ വികസനത്തിന് വിവിധ പരിപാടികൾ ഉൾകൊള്ളിച്ച് കൊണ്ട് മാസത്തിലൊരിക്കൽ വിദ്യാലയ റേഡിയോയിൽ സംപ്രേക്ഷണം ചെയ്യുന്നു. മികച്ച പ്രകടനക്കാരെ കണ്ടെത്തി അനുമോദിക്കുന്നു.<br>❖ **ഇ-വായന**<br>വിക്കി പീഡിയ തുടങ്ങിയ പരിചയപ്പെടുത്തൽ , നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി , ഇ-പേപ്പറുകൾ പരിചയപ്പെടുത്തൽ, വിവിധ കഥ, കവിത, ഷോർട്ട് ഫിലിം എന്നിവ വീഡിയോ കാണാൻ അവസരം ഒരുക്കുന്നു. | ജൂലൈ | സംസ്കൃതാധ്യാപിക<br><br>സംസ്കൃതാധ്യാപിക | |
| മൂന്ന് വർഷത്തിനുള്ളിൽ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തി കഴിവുകൾ വികസിപ്പിക്കും | ❖ **സ്കൂൾ അസംബ്ലി**<br><br>ആഴ്ചയിൽ ഒരു ദിവസം സംസ്കൃത അസംബ്ലി നടത്തുന്നു. ഒരു കുട്ടി സംസ്കൃതത്തിൽ ആജ്ഞ, അവതരണം ചെയ്യുന്നു. സംസ്കൃത പ്രാർത്ഥന, ഒരു സുഭാഷിതം അർത്ഥസഹിതം ചൊല്ലുന്നു, പത്രവാർത്തയും വിദ്യാലയ വാർത്തയും വായിക്കുന്നു. പ്രതിജ്ഞ എന്നിവ ചെയ്യുന്നതിന് ഓരോ ക്ലാസിലേയും കുട്ടികൾക്ക് അവസരം നൽകുന്നു.<br><br>❖ **വ്യക്തിഗത രചന- സംഘ രചന**<br>കുട്ടികളുടെ സർഗശേഷി വർധിപ്പിക്കാൻ നിരവധി രചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br><br>ഓഗസ്റ്റ് | സംസ്കൃതാധ്യാപിക | |

**കായികം**

**മേഖല:കായികം**

**ഉപമേഖല:പേശീ വികാസം**

**ക്ലാസ്:അപ്പർ പ്രൈമറി**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1.കുട്ടികളുടെ സമഗ്ര പേശീവികാസം<br><br>2.ആരോഗ്യകായികക്ഷമത ഉറപ്പാക്കൽ | 1.സ്കൂൾ പ്രവർത്തനം തുടങ്ങുന്നതിന് മുൻപ് ലഘുവ്യായാമം ചെയ്യിക്കൽ.<br>2.മ്യൂസിക്കൽ ചെയർ.<br>3.കൃഷി,പൂന്തോട്ടനിർമ്മാണം എന്നിവയിൽ പങ്കാളികളാക്കൽ<br>4. നാടൻ കളികൾ പരിചയപ്പെടൽ സംഘപ്രവർത്തനം,കളികൾ എന്നിവയിലൂടെ സംഘബോധം,എന്നിവ വികസിപ്പിക്കൽ.<br>5. സ്കൂൾ തല സ്പോട്സ് Fest. | ദൈനം ദിന പ്രവർത്തനം<br>ആഴ്ചയിൽ ഒന്ന്<br>ആഗസ്റ്റ്<br>ആഴ്ചയിൽ ഒന്ന്<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>physicalEduationTeacher& ക്ലാസ് ടീച്ചർ | പി.ടി.എ |

**മേഖല: ആരോഗ്യം**

**ഉപമേഖല: ശുചിത്വം.**

**ക്ലാസ്:അപ്പർ പ്രൈമറി**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികവിശകലനം** |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക. | ➢ പഞ്ചേന്ദ്രിയ വികസപ്രവർത്തനങ്ങൾനിറം,വലുപ്പം, ആകൃതി, ശബ്ദം,രുചിമിനുസം എന്നിവ മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>➢ ക്ലാസ് റൂം വൃത്തിയാക്കൽ( റോൾപ്ലേ). | ജൂൺ മുതൽ മാർച്ച് വരെ<br>ജൂലൈ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| സ്കൂൾ അന്തരീക്ഷം മാലിന്യമുക്ത മാക്കുക,ഹരിതാപമാക്കുക<br>. | ➢ വായനായിടം<br>➢ വൃത്തിയാക്കൽ.<br>➢ ശരീരാവയവങ്ങൾ വരുന്നപാട്ട്.<br>➢ പാവനാടകം (ശുചിത്വം)<br>➢ ബോധവത്കരണ ക്ലാസ് (രക്ഷിതാക്കൾക്ക്) | ജൂലൈ ആഗസ്റ്റ്<br><br>മാസത്തിലൊരിക്കൽ | ക്ലാസ്ടീച്ചർ<br><br>ക്ലാസ്ടീച്ചർ<br><br>HM<br><br>ക്ലാസ്സ്ടീച്ചർ | PTA |

**മേഖല: ആരോഗ്യം**

**ഉപമേഖല: സർഗ്ഗാത്മകം.**

**ക്ലാസ്:അപ്പർ പ്രൈമറി**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| 1.കുട്ടികളുടെ കലാ അഭിരുചി വളർത്തുക | ആഴ്ചയിൽ ഒരു ദിവസം സർഗ്ഗവേദി നടത്തൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |
| 2.ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിപാടികൾ | ➢ .നൃത്തം, ആലാപനം, ചിത്രചന എന്നിവയുടെ അവതരണം.<br>➢ .കുട്ടികളുടെ മികവുകളുടെ അവതരണം.<br>. | മാസത്തിൽ ഒന്ന്<br><br>ഫെബ്രുവരി മാർച്ച് | ക്ലാസ്സ് ടീച്ചർ<br><br>ക്ലാസ്സ് ടീച്ചർ | |
| ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവ് കണ്ടെത്തൽ. | പ്രീ പ്രൈമറി ബാലോത്സവം. സ്കൂൾ തലം സബ് ജില്ലാതലം | മാർച്ച് | HM<br>ക്ലാസ്സ് ടീച്ചർ | |

## Std:4

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല |
|---|---|---|---|
| സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കൽ | കുട്ടികൾക്ക് ഒരു പുസ്തക സമ്മാനം | ജൂൺ | ക്ലാസ് ടീച്ചർ |
| വായന അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരം നൽകൽ | കുട്ടികളുടെ പുസ്തകമേള സംഘടിപ്പിക്കൽ, ക്ലാസ് ലൈബ്രറി രൂപപ്പെടുത്തൽ | ജൂൺ അവസാനവാരം | ക്ലാസ് ടീച്ചർ |
| എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ | അമ്മമാരുടെ വായന,രചനശില്പശാല | ജൂലൈ | അധ്യാപകർ |
| | ആദ്യ പൊതു അവതരണം വായനാക്കുറിപ്പുകൾ വായിക്കൽ,പ്രദർശനം | ഓഗസ്റ്റ് - സെപ്റ്റംബർ | |
| | *എഴുത്തുകൂട്ടരൂപീകരണം<br>* പ്രോത്സാഹിപ്പിക്കുന്നതിനായി ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു<br>* സാഹിത്യ ചുമര് കുട്ടികൾ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം തയ്യാറാക്കി സാഹിത്യ ചുമരിൽ പ്രദർശിപ്പിക്കുന്നു ഇവ ഉൾപ്പെടുത്തി ക്ലാസ് തല പതിപ്പുകൾ നിർമ്മിക്കുന്നു.<br>* വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ വായന, എഴുത്ത് മെച്ചപ്പെടുത്തുന്നതിന് പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ വിദ്യാരംഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നു | ഒക്ടോബർ - ഡിസംബർ | |
| | *വായനോത്സവം സംഘടിപ്പിക്കൽ | ജനുവരി -മാർച്ച് | |

| | | | |
|---|---|---|---|
| | ( രചന പരിചയക്കുറപ്പ് പുസ്തക പരിചയം,സാഹിത്യകാരന്മാരുടെ അഭിമുഖം)<br><br>* രചനോത്സവം<br><br>രക്ഷിതാക്കൾ കുട്ടികൾ എന്നിവരുടെ സർഗാത്മക രചനകൾ ഉൾപ്പെടുത്തി വർഷാവസാനം പതിപ്പ് പ്രകാശനം | | |

**ക്ലാസ്സ് : നാല്**

**വിഷയം : ഗണിതം**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| ഗണിത പഠനം സുതാര്യമാക്കൽ<br><br>ഗണിത പഠനം( ചതുഷ്ക്രിയകൾ) എളുപ്പമാക്കൽ | ഗണിത ലാബ് ഒരുക്കൽ<br><br>വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ,<br>നടപ്പാക്കൽ, മൂല്യനിർണയത്തിന്റെ ഭാഗമാക്കി മാറ്റൽ | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ | HM,<br>SRG<br>ക്ലാസ് ടീച്ചർ |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ പാറ്റേൺ, എന്നിവയുടെ അവതരണം<br><br>എല്ലാ ക്ലാസ്സിലും പസിൽ കോർണർ രൂപീകരണം | എല്ലാ വെള്ളിയാഴ്ചയും പൊതുവായ അവതരണം. | SRG<br>ക്ലാസ്സ് ടീച്ചർ |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമരിന്റെ നിർമ്മാണം.<br><br>സ്കൂളിനെ ഗണിത പ്രവർത്തനങ്ങളിൽ ഉൾച്ചേർക്കൽ | വർഷം മുഴുവൻ | SRG<br>ക്ലാസ്സ് ടീച്ചർ |
| ഗണിത പഠനം രസകരമാക്കൽ കര ചലനശേഷി വികാസം<br><br>പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം<br>ടാൻഗ്രാം നിർമ്മാണം<br><br>പാഠ പുസ്തക പ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം രക്ഷിതാക്കളുടെ സഹായത്തോടെ | വർഷം മുഴുവൻ<br><br>ജൂണ് അവസാന വാരം | ബി ആർ സി<br>എസ് ആർ ജി<br><br>ക്ലാസ് ടീച്ചർ |

## ക്ലാസ്സ് :4

## വിഷയം :പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നിരീക്ഷണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. വനം കാവ് എന്നീ സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു<br>പ്രകൃതി നടത്തം<br>ചെടികൾ, ജീവികൾ നിരീക്ഷണം<br>പരിസ്ഥിതി ദിനാചരണം | ജൂൺ | HM<br>CLASS TEACHER<br>, PTA | 2000 |
| ഭൂപടം ഒരുക്കാം<br>കേരളം ഇന്ത്യ ഭൂപട വായന പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചിക നിർമ്മാണം ഭൂപട നിർമ്മാണം | ജൂലൈ-ഓഗസ്റ്റ് | HM<br>CLASS TEACHER<br>, PTA | 500 |
| ശാസ്ത്ര മൂല<br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | HM<br>CLASS TEACHER<br>, PTA | 500 |
| | കുട്ടി നിർമ്മിക്കുന്ന ഉപകരണങ്ങൾ, പരീക്ഷണങ്ങൾ എന്നിവ അവതരിപ്പിക്കുന്നതിനുംശാസ്ത്ര പഠനത്തിന് കുട്ടികളുടെ അഭിരുചി വളർത്തിയെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ | ജൂൺ-മാർച്ച് | HM<br>CLASS TEACHER<br>, PTA | |
| ജൈവവൈവിധ്യ പാർക്കുകൾ | സസ്യങ്ങൾ ചെടികൾ നട്ടുപിടിപ്പിക്കുന്ന പ്രവർത്തനങ്ങൾ, ചെടികളെ സംരക്ഷിക്കൽ | ജൂൺ-മാർച്ച് | HM<br>CLASS TEACHER<br>, PTA | 1000 |
| ശാസ്ത്ര പഠനത്തിലൂടെനേടിയ അറിവുകളുടെ പ്രയോഗം | ആൽബം ചാർട്ട് പരീക്ഷണങ്ങൾ പഠനോപകരണങ്ങൾ പ്രദർശനം | ഫെബ്രുവരി | CLASSTEACHER | 500 |
| മാലിന്യങ്ങൾ വേർതിരിച്ച സംസ്കരിക്കുന്നതിനുള്ള അറിവ് നേടൽ | ഭക്ഷണ അവശിഷ്ടങ്ങൾ ജൈവ അജൈവമാലിന്യം തരംതിരിക്കൽ<br>ബയോബിൻ സ്ഥാപിക്കൽ<br>ക്ലാസ് റൂമും വിദ്യാലയ പരിസരവും വൃത്തിയാക്കൽ മേൽനോട്ടം ശുചിത്വ ബോധവൽക്കരണം നടത്തൽ | ഒക്ടോബർ | SRG<br>CLASS TEACHER<br>,<br>പഞ്ചായത്ത്<br>CLASS TEACHER | 5000 |
| ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്ര പഠനം രസകരമാക്കാൻ | ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ | ജൂൺ-മാർച്ച് | CLASS TEACHER | |

## Std :4

## English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി ചേരൽ | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ |
| **ഇംഗ്ലീഷ് ഡയറി**<br><br>തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതൽ | ഓഗസ്റ്റ് - സെപ്റ്റംബർ | ക്ലാസ് ടീച്ചർ |
| **ഇംഗ്ലീഷ് തീയേറ്റർ**<br><br>സർഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങൾ ആക്കി അവാതരിപ്പിക്കൽ (skit,drama,conversation,story telling) | ഒക്ടോബർ - നവംബർ | |
| സർഗാത്മകത രചന ശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | നവംബർ - ഡിസംബർ | |
| **ഇംഗ്ലീഷ് കൈയ്യെഴുത്ത്**<br><br>ഇംഗ്ലീഷ് ഭാഷയിലുള്ള മികവ് | സ്കൂളിലെ വിശേഷദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | ജനുവരി - ഫെബ്രുവരി | |
| **ഇംഗ്ലീഷ് ഫെസ്റ്റ്** ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ | വായന മത്സരം രചന മത്സരം മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | മാർച്ച് | |

**ക്ലാസ്സ് :3**

**വിഷയം : ഗണിതം**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| ഗണിത പഠനം സുതാര്യമാക്കൽ<br><br>ഗണിത പഠനം( ചതുഷ്ക്രിയകൾ) എളുപ്പമാക്കൽ | ഗണിത ലാബ് ഒരുക്കൽ<br><br>വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ, മൂല്യനിർണയത്തിന്റെ ഭാഗമാക്കി മാറ്റൽ | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ പാറ്റേൺ, എന്നിവയുടെ അവതരണം<br><br>എല്ലാ ക്ലാസ്സിലും പസിൽ കോർണർ രൂപീകരണം | എല്ലാ വെള്ളിയാഴ്ചയും പൊതുവായ അവതരണം. | SRG ക്ലാസ്സ് ടീച്ചർ |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമരിന്റെ നിർമ്മാണം.<br><br>സ്കൂളിനെ ഗണിത പ്രവർത്തനങ്ങളിൽ ഉൾച്ചേർക്കൽ | വർഷം മുഴുവൻ | SRG ക്ലാസ്സ് ടീച്ചർ |
| ഗണിത പഠനം രസകരമാക്കൽ കര ചലനശേഷി വികാസം<br><br>പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം ടാൻഗ്രാം നിർമ്മാണം<br><br>പാഠ പുസ്തക പ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം | വർഷം മുഴുവൻ<br><br>ജൂണ് അവസാന വാരം | ബി ആർ സി<br><br>എസ് ആർ ജി ക്ലാസ് ടീച്ചർ |

## Std :3
## English

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി ചേരൽ ഓരോ പാഠത്തിലെയും സന്ദർഭവുമായി ബന്ധപ്പെട്ട് Speech bubbles , thoughts, description എന്നിവ എഴുതൽ | ജൂൺ – ജൂലൈ | ക്ലാസ് ടീച്ചർ |
| **ഇംഗ്ലീഷ് ഡയറി**<br><br>തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതൽ | ഓഗസ്റ്റ് – സെപ്റ്റംബർ | ക്ലാസ് ടീച്ചർ |
| **ഇംഗ്ലീഷ് തീയേറ്റർ**<br><br>സർഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങൾ ആക്കി അവാതരിപ്പിക്കൽ (skit,drama,conversation,story telling)<br><br>language games<br>rhyming words | ഒക്ടോബർ – നവംബർ | |
| സർഗാത്മകത രചന ശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | നവംബർ – ഡിസംബർ | |
| **ഇംഗ്ലീഷ് കൈയ്യെഴുത്ത്**<br><br>ഇംഗ്ലീഷ് ഭാഷയിലുള്ള മികവ് | സ്കൂളിലെ വിശേഷദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട്<br>Riddles making | ജനുവരി – ഫെബ്രുവരി | |
| **ഇംഗ്ലീഷ് ഫെസ്റ്റ്** ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ | വായന മത്സരം രചന മത്സരം മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം<br>Conversation, develope story | മാർച്ച് | |

## Std:3
### മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല |
|---|---|---|---|
| സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കൽ | കുട്ടികൾക്ക് ഒരു പുസ്തക സമ്മാനം | ജൂൺ | ക്ലാസ് ടീച്ചർ |
| വായന അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരം നൽകൽ | കുട്ടികളുടെ പുസ്തകമേള സംഘടിപ്പിക്കൽ, ക്ലാസ് ലൈബ്രറി രൂപപ്പെടുത്തൽ | ജൂൺ അവസാനവാരം | ക്ലാസ് ടീച്ചർ |
| എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ | അമ്മമാരുടെ വായന,രചനശില്പശാല | ജൂലൈ | അധ്യാപകർ |
| | ആദ്യ പൊതു അവതരണം വായനാക്കുറിപ്പുകൾ വായിക്കൽ,പ്രദർശനം | ഓഗസ്റ്റ് - സെപ്റ്റംബർ | |
| | *എഴുത്തുക്കൂട്ടരൂപീകരണം<br>* പ്രോത്സാഹിപ്പിക്കുന്നതിനായി ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു<br>* സാഹിത്യ ചുമര് കുട്ടികൾ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം തയ്യാറാക്കി സാഹിത്യ ചുമരിൽ പ്രദർശിപ്പിക്കുന്നു ഇവ ഉൾപ്പെടുത്തി ക്ലാസ് തല പതിപ്പുകൾ നിർമ്മിക്കുന്നു.<br>* വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ വായന, എഴുത്ത് മെച്ചപ്പെടുത്തുന്നതിന് പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ വിദ്യാരംഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നു | ഒക്ടോബർ - ഡിസംബർ | |
| | *വായനോത്സവം സംഘടിപ്പിക്കൽ<br>( രചന പരിചയക്കുറപ്പ് പുസ്തക പരിചയം,സാഹിത്യകാരന്മാരുടെ അഭിമുഖം)<br>* രചനോത്സവം<br>രക്ഷിതാക്കൾ കുട്ടികൾ ഇവരുടെ സർഗാത്മക രചനകൾ ഉൾപ്പെടുത്തി വർഷാവസാനം പതിപ്പ് പ്രകാശനം | ജനുവരി -മാർച്ച് | |

## STD 3
### വിഷയം: പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
| --- | --- | --- |
| ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുക. | *ഞാനും എന്റെ പരിസരവും*<br>• ജൈവവൈവിധ്യ ഉദ്യാന സന്ദർശനം. സസ്യങ്ങളെ നിരീക്ഷിക്കൽ, പ്രത്യേകതകൾക്കനുസരിച്ച് തരംതിരിക്കൽ;<br>മരങ്ങൾ കുട്ടിച്ചെടികൾ വർഗീകരണം, സസ്യങ്ങളുടെ വളർച്ചാരീതികൾ മനസ്സിലാക്കൽ. | ജൂൺ - ജൂലൈ |
| കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക | • വ്യക്തി ശുചിത്വം, ക്ലാസ്സ്റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>• പോസ്റ്ററുകൾ തയ്യാറാക്കാം. | ജൂലൈ,<br>ആഗസ്റ്റ്,<br>സെപ്റ്റംബർ |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക. | • നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>• ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | നവംബർ,<br>ഡിസംബർ |

**മേഖല : അക്കാദമികം**

**ഉപമേഖല: ഗണിതം**

**ക്ലാസ്സ്: 2**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സമ്പത്തികം |
|---|---|---|---|---|
| ഗണിതചിന്തശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം(കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ | ആഴ്ചയിൽ ഒന്ന് വീതം | SRG<br>ക്ലാസ്സ് ടീച്ചർ | SSA |
| | ഗണിത ക്യാമ്പ്(ഗണിതം കളികളിലൂടെ) | വർഷത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |
| | 1,2,3…..<br>1,3,5…..<br>10,20,30….<br>5,10,15…<br>തുടങ്ങിയ പാറ്റേൺ ലെ സംഖ്യ ബോധം കണ്ടെത്തൽ | ജൂൺ | ക്ലാസ്സ് ടീച്ചർ | |
| | ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ | ജൂലൈ | ക്ലാസ്സ് ടീച്ചർ | |
| | വിവിധ പാറ്റേണുകൾ രൂപികരിക്കൽ.ഓരോ സംഖ്യകളെയും പ്രായോഗിക ഗണിത ആശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ | ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | |
| | | സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ | |
| | ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കാൽ.വിലവിവര പട്ടിക തയ്യാറാക്കൽ. | ഒക്ടോബർ | ക്ലാസ്സ് ടീച്ചർ | |
| | രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ. | നവംബർ | ക്ലാസ്സ് ടീച്ചർ | |
| | സ്ഥനവില തിരിച്ചറിയൽ(1,10).പ്രായോഗിക പ്രശ്നപരിഹാരത്തിനായി കളി നോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.നോട്ടുകളും | | | |

| | | | | |
|---|---|---|---|---|
| | നാണയങ്ങളും തിരിച്ചറിയൽ. | ഡിസംബർ | ക്ലാസ്സ് ടീച്ചർ | |
| | സംഖ്യ വ്യാഖ്യാനം ഉറപ്പാക്കൽ. രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. | ജനുവരി | ക്ലാസ്സ് ടീച്ചർ | |
| | വിലവിവര പട്ടിക തയ്യാറാക്കൽ,വിവരങ്ങൾ ക്രോഡീകരിച്ച് പട്ടിക പെടുത്തൽ,പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ.സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ. | ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | |
| | ഗണിത ആസ്വാദ്യകരമാക്കാൻ ഗണിതാലപനം നടത്തൽ. ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.ഗണിത പാഠം കളിരീതിയിൽ ഉറപ്പാക്കൽ. | മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| | കലണ്ടർ പ്രവർത്തനങ്ങൾ.ഗണിത ആശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | | | |

**വിഷയമേഖല : മലയാളം**

**ക്ലാസ് : 2**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മേഖല വായന<br>• ആശയ ഗ്രഹണ വായന | വായനാ സാമഗ്രികൾ<br>വായിക്കൽ ചോദ്യങ്ങൾ തയ്യാറാക്കൽ<br><br>ചോദ്യോത്തരപ്പയറ്റ്<br><br>വായനാകുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക |
| വായനാശീലം വളർത്തുക | ക്ലാസിൽ പത്രവായന<br><br>ക്ലാസ് ലൈബ്രറി<br>പിറന്നാൾപുസ്തകം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക<br>രക്ഷിതാവ് |
| മേഖല :ലേഖനം<br>ആശയങ്ങൾ<br>തെറ്റില്ലാതെ എഴുതൽ<br><br>സർഗാത്മക രചന | ചിത്രവിവരണം<br><br>ലഘു വിവരണങ്ങൾ തയ്യാറാക്കൽ<br>സംഭാഷണം<br>കഥ പൂർത്തിയാക്കൽ<br>ഡയറി എഴുത്ത്<br>വരികൾ കൂട്ടിച്ചേർക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപിക |
| രചനോത്സവം | സ്വതന്ത്ര രചനകൾ ഉൾപ്പെടുത്തി<br>കയ്യെഴുത്തു മാസിക തയ്യാറാക്കൽ<br>പ്രകാശനം | മാർച്ച് | SRG<br>രക്ഷിതാക്കൾ |

## വിഷയമേഖല : പരിസരപഠനം

## ക്ലാസ്സ് : 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ➢ ശുചിത്വ സർവ്വേ ക്ലാസുകൾ<br>➢ പോസ്റ്റർ രചന<br>➢ അവതരണങ്ങൾ | ജൂൺ- ജൂലൈ | എസ് ആർ ജി<br>എസ് എം സി നാട്ടുകാർ |
| പ്രകൃതിയെ അറിയാൻ | ➢ പ്രകൃതി നടത്തം<br>➢ കാഴ്ചബംഗ്ലാവിലേക്ക്<br>➢ കാണാകാഴ്ചകൾ | സെപ്റ്റംബർ- ഡിസംബർ | എസ് ആർ ജി<br>എസ് എം സി നാട്ടുകാർ |
| നാട് അറിയാൻ നാട്ടറിവുകൾ | ➢ കർഷകരുമായി അഭിമുഖം<br>➢ കൃഷിയിടത്തിലേക്ക്<br>➢ നമുക്കും കർഷകരാവാം | ജനവരി | എസ് ആർ ജി<br>എസ് എം സി നാട്ടുകാർ |

SUBJECT: ENGLISH

ക്ലാസ്സ് :1, 2

| **Aim** | **Activities** | **Months** | **Supports** |
|---|---|---|---|
| Skills<br><br>Reading skills<br><br>Writing skills | ▪ To devolve listening and reading skills<br>▪ Description, growing sentence,picture reading, riddles, quiz<br><br>▪ Find words from reading materials<br>▪ Rhyming words<br><br>▪ Make word Web<br>▪ Magazine<br>▪ Teaching aid workshop<br>▪ Description<br>▪ make worksheet<br>▪ Story telling<br>▪ Riddles | June<br><br>July<br>August<br><br>September<br>February<br>June to February<br>December<br>January<br>November | Teachers<br>Parents |
| Speaking | Trend of the day<br><br>Roleplay<br>Games | July to March | Teacher<br>SRG |

## വിഷയമേഖല : മലയാളം

## ക്ലാസ്സ് 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായന | ▪ ചിത്ര വായന<br>▪ വിവിധതരം<br>▪ ചിത്രങ്ങൾ കാണിച്ച് വായനക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. ശില്പശാല<br>▪ വായനക്കാർഡുകൾ | ജൂൺ<br>ജൂൺ-ഫെബ്രുവരി | ക്ലാസ് ടീച്ചർ |
| ലേഖനം | ➢ സംയുക്ത ഡയറി എഴുത്ത്<br>ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.<br>➢ അക്ഷരപ്പാട്ടുകൾ<br>ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>➢ വായനമൂലക്ലാസ് ലൈബ്രറി<br>➢ ബാലസഭ<br>➢ അസംബ്ലി<br>➢ പത്രം | ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ ആഗസ്റ്റ്<br>ആഗസ്റ്റ് to ഫെബ്രുവരി | ക്ലാസ് ടീച്ചർ |
| സർഗ്ഗാത്മക ം | ▪ സാങ്കല്പിക ഡയറി<br>ഒരു കുട്ടിക്ക് ഒരു മാഗസിൻ.<br>ചിത്രം നൽകി അതിൽ നിന്ന്പതിപ്പ് ഉണ്ടാക്കുന്നു | ഡിസംബർ | ക്ലാസ് ടീച്ചർ |

## വിഷയമേഖല : പരിസരപഠനം

## ക്ലാസ്സ് 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ▪ ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ▪ ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് | ക്ലാസ് ടീച്ചർ |
| ▪ പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | ▪ പുഷ്പോദ്യാനം | ഡിസംബർ- ജനവരി | ക്ലാസ് ടീച്ചർ |
| ▪ ശുചിത്വ ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ▪ ശുചിത്വവീഡിയോ പ്രദർശനം | ജൂലൈ | ക്ലാസ് ടീച്ചർ |
| ▪ ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ▪ പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ | ജൂൺ – മാർച്ച് | ക്ലാസ്സ് ടീച്ചർ |
| ▪ റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ മനസ്സിലാക്കുന്നതിന് | ▪ വീഡിയോ പ്രദർശനം | ഓഗസ്റ്റ് | ക്ലാസ് ടീച്ചർ |

**ക്ലാസ് :1**

**വിഷയമേഖല : ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഗണിതമാഗസിൻ | പ്രവർത്തനങ്ങളിലൂടെ രൂപപ്പെടുന്നത് | അധ്യാപകനും രക്ഷിതാവും | ജൂൺ ടു മാർച്ച് | |
| സംഖ്യ ബോധം | സംഖ്യാ കാർഡ് നിർമ്മാണം കാർഡ് ഉപയോഗിച്ചുള്ള കളികൾ പ്രവർത്തനങ്ങൾ | അധ്യാപകനും രക്ഷിതാവും | ജൂൺ ജൂലൈ | |
| വലിയ സംഖ്യ ചെറിയ സംഖ്യ | 1-20 സംഖ്യകൾ തിരിച്ചറിയുന്ന പ്രവർത്തനങ്ങൾ - വസ്തുക്കൾ ചിത്രങ്ങൾ പൊരുത്തപ്പെടലുകൾ വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ | അധ്യാപകനും രക്ഷിതാവും | ജൂലൈ ഓഗസ്റ്റ് | |
| സങ്കലന ക്രിയകൾ | സംഖ്യാ ഗാനം ഒരക്ക സങ്കലനം രണ്ടക്ക സങ്കലനം | അധ്യാപകനും രക്ഷിതാവും | ഓഗസ്റ്റ് സെപ്റ്റംബർ | |
| സംഖ്യ പാറ്റേൺ | വിവിധ പ്രവർത്തനങ്ങളിലൂടെ സംഖ്യാ പാറ്റേൺ കണ്ടെത്തി പറയുന്നു എഴുതുന്നു | അധ്യാപകനും രക്ഷിതാവും | സെപ്റ്റംബർ | |
| ഗണിത കിറ്റ് | കളികളിലൂടെ പഠനം ഗണിതകിട്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | അധ്യാപകനും രക്ഷിതാവും | ജൂൺ സെപ്റ്റംബർ | |
| പഠനം മധുരം | ഗണിത കടങ്കഥകൾ പസിലുകൾ എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | അധ്യാപകനും രക്ഷിതാവും | ഒക്ടോബർ ഫെബ്രുവരി | |
| മൈ നമ്പർ ബുക്ക് | ക്ലാസ് പഠനത്തിലൂടെ രൂപപ്പെടുന്നു | അധ്യാപകനും രക്ഷിതാവും | ജൂലൈ ഡിസംബർ | |
| ഗണിത പ്രദർശനം | കുട്ടികളുടെ മാഗസിൻ കളി ഉപകരണങ്ങൾ കിറ്റ് എന്നിവയുടെ പ്രദർശനം | അധ്യാപകനും രക്ഷിതാവും | മാർച്ച് | |

## വിഷയമേഖല : അറബിക് എൽ.പി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ലളിതമായ രീതിയിൽ അറബിയിൽ ആശയവിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കുക | *ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള *സംഭാഷണങ്ങൾ കേൾപ്പിക്കുക സംഭാഷണം അധികരിപ്പിക്കുക * കാർട്ടൂൺ പ്രദർശനം | ജൂൺ to മാർച്ച് | Arabic teachers |
| വാക്യങ്ങൾ തെറ്റ് കൂടാതെ എഴുതാനുള്ള ശേഷി വളർത്തിയെടുക്കൽ | *ലൈബ്രറി വായന *ചിത്രകഥ വായന *ക്ലാസ് വായന | ജൂൺ to മാർച്ച് | Arabic teachers |
| ഒരു ദിനം ഒരു അറിവ് പദ്ധതി | വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ സ്കൂൾ പ്രവർത്തി ദിവസങ്ങളിൽ ചോദ്യവും ഉത്തരവും നൽകുന്നു | ജൂൺ to മാർച്ച് | Arabic teachers |
| വിദ്യാഭ്യാസ വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാപഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക | *അറബിക് കമ്മ്യൂണിക്കേഷൻ *അറബിക് മേള | ജൂൺ to മാർച്ച് | Arabic teachers |
| കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ നല്ല വായനക്കാരാക്കുക | പുസ്തകങ്ങൾ * ചിത്രകഥ അറബി * കഥ പുസ്തകം അറബി * കുട്ടിക്കവിത അറബിക് ക്വിസ് | ജൂൺ to മാർച്ച് | Arabic teachers |
| അറബിക് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | ജൂൺ to മാർച്ച് | Arabic teachers |